അപേക്ഷിച്ച തിഴ്നാടിന് കൊടുത്തു. ഇതിനെതിരായി റെഗുലേറ്ററി കമ്മീഷനിൽ പെറ്റീഷൻ കൊടുത്തിട്ടുണ്ട്. ആ കേസ് നടക്കുകയാണ്. ന്യായമായും നമുക്ക് വൈദ്യുതി ലഭിക്കാനുള്ള അർഹതയുണ്ട്. ഇപ്പോഴും കെ.എസ്.ഇ.ബി. ചെയർമാൻ ഡൽഹിയിൽ ബന്ധപ്പെട്ട ആളുകളുമായി ഇക്കാര്യം ചർച്ച ചെയ്യുകയാണ്.

കാഴ്ചബംഗ്ലാവുകൾ ആകർഷകമാക്കുന്നതിനുള്ള പദ്ധതി

3 (*603) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഴ്ചബംഗ്ലാവുകൾ കൂടുതൽ ആകർഷകവും വിജ്ഞാനദായകവുമാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ എന്തെങ്കിലും പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) വിനോദസഞ്ചാര വകുപ്പുമായി സഹകരിച്ചുകൊണ്ടുള്ള എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ വിനോദസഞ്ചാര വകുപ്പുമായി കൂടിയാലോചിച്ച് കാഴ്ചബംഗ്ലാവുകൾ ആകർഷകവും വിജ്ഞാനദായകവുമാക്കി മാറ്റുന്നതിനുള്ള പദ്ധതി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) : സർ,

(എ) ഉണ്ട്. കാഴ്ചബംഗ്ലാവുകൾ കൂടുതൽ ആകർഷകവും വിജ്ഞാനദായകവുമാക്കി മാറ്റുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് :

1. സർക്കാരിന്റെ നോഡൽ ഏജൻസിയായ കേരള മ്യൂസിയത്തിന്റെ സഹായത്തോടെ നേപ്പിയർ മ്യൂസിയത്തിന്റെ പുനരുദ്ധാരണ പദ്ധതി.

2. നാച്വറൽ ഹിസ്റ്ററി മ്യൂസിയം നവീകരണം

3. തൃശ്ശൂർ, കോഴിക്കോട് മ്യൂസിയങ്ങളിൽ ലൈറ്റ് ആന്റ് സൗണ്ട് ഷോ ആരംഭിക്കുന്നതിനുള്ള നടപടി. കൂടാതെ സാംസ്കാരിക പൈതൃകത്തിന്റെ സാക്ഷ്യപത്രങ്ങളായ മ്യൂസിയങ്ങളുടെ തനിമ നിലനിർത്തി ആയത് പരമാവധി ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുക, വിദ്യാർത്ഥികൾക്കും ഗവേഷകർക്കും വിജ്ഞാന സമ്പാദനത്തിന് ഉതകുന്ന ഒരു സ്ഥാപനമാക്കി ഉയർത്തുക, മ്യൂസിയങ്ങൾ, ആർട്ട് ഗാലറികൾ എന്നിവയിൽ പ്രദർശിപ്പിച്ചിട്ടുള്ള കലാവസ്തുക്കളുടെ

LIBRARY ARCHIVES Kerala Legislative Assembly

സഹായത്താൽ എന്നെന്നും സംരക്ഷിക്കപ്പെടേണ്ട മഹത്തായ കലാസാംസ്കാരിക പാരമ്പര്യത്തെപ്പറ്റി പുതിയ തലമുറയിൽ അറിവും അവബോധവും സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യങ്ങളും കൈവരിക്കാനുദ്ദേശിക്കുന്നു.

(ബി&സി) വിനോദസഞ്ചാര വകുപ്പുമായി സഹകരിച്ച് പദ്ധതികളൊന്നും നിലവിലില്ല. ഇത് സംബന്ധിച്ച് പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ടൂറിസം വികസനത്തിൽ മ്യൂസിയങ്ങൾക്ക് നിർണ്ണായകമായ സ്ഥാനമുണ്ട്. സംസ്ഥാനത്ത് നിലവിൽ ഈ മ്യൂസിയങ്ങളെല്ലാം വ്യത്യസ്ത വകുപ്പുകളുടെ കീഴിലാണ്. മ്യൂസിയവും മൃഗശാലയും ബഹുമാനപ്പെട്ട മന്ത്രിയുടെ വകുപ്പിന്റെ കീഴിലും തിരുവനന്തപുരത്തെ സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും പൈതൃക മ്യൂസിയം സാംസ്കാരിക വകുപ്പിന്റെ കീഴിലും ആർക്കിയോളജി മറ്റൊരു വകുപ്പിന്റെ കീഴിലുമാണ്. ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കണമെങ്കിൽ ഇവ പരസ്പരം യോജിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. അതിന് ഇപ്പോഴുള്ള സംവിധാനമെന്താണെന്ന് വിശദമാക്കാമോ ; ഇപ്പോഴുള്ള രണ്ട് മ്യൂസിയങ്ങൾ തിരുവനന്തപുരത്തും തൃശ്ശൂരുമാണുള്ളത്. വിദ്യാർത്ഥികൾക്ക് വിനോദവും വിജ്ഞാനവും പകരുന്ന തരത്തിൽ എല്ലാ ജില്ലയിലും മ്യൂസിയങ്ങൾ നിർമ്മിക്കാൻ ഉദ്ദേശ്യമുണ്ടോ ; മലബാറിൽ, പ്രത്യേകിച്ച് മണ്ണാർക്കാട് അതിന് പറ്റിയ സൗകര്യങ്ങളും സാഹചര്യങ്ങളുമുണ്ട്, അവിടെ ഒരു മ്യൂസിയവും മൃഗശാലയും നിർമ്മിക്കാൻ ഉദ്ദേശ്യമുണ്ടോ ; പരിസ്ഥിതിക്കിണങ്ങുന്ന വിധത്തിൽ നല്ലൊരു മൃഗശാലയും മ്യൂസിയവും നിർമ്മിക്കാനുള്ള സാധ്യത അവിടെയുണ്ട്. വനം വകുപ്പുമായി സഹകരിച്ച് ഇക്കാര്യത്തെക്കുറിച്ച് പരിശോധിക്കുമോ ?

കുമാരി പി. കെ. ജയലക്ഷ്മി: സർ, എല്ലാ ജില്ലയിലും മ്യൂസിയം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയനുസരിച്ച് ഘട്ടം ഘട്ടമായാണ് ഇവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. മ്യൂസിയം-മൃഗശാല വകുപ്പിന്റെ ബഡ്ജറ്റ് 14.50 കോടി രൂപയാണ്. ഫണ്ടിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ടു മാത്രമേ ഇതിനെക്കുറിച്ച് ആലോചിക്കാൻ കഴിയുകയുള്ളൂ. മലബാർ മേഖലയിലെ വയനാട് ജില്ലയിലെ കുങ്കിച്ചിറ, ഇടുക്കി ജില്ലയിലെ മൂന്നാർ, പാലക്കാട് ജില്ലയിലെ തൃത്താല എന്നിവിടങ്ങളിലും മ്യൂസിയം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥലം കിട്ടാത്തതുകൊണ്ടുള്ള പ്രശ്നമാണുള്ളത്, സ്ഥലം കിട്ടിക്കഴിഞ്ഞാൽ അവ ആരംഭിക്കാനാകും. വടക്കൻ കേരളത്തിൽ കോഴിക്കോട് ഈസ്റ്റ് ഹില്ലിൽ ഒരു ആർട്ട് ഗ്യാലറിയും ആർ.കെ. കൃഷ്ണമേനോന്റെ പേരിൽ ഒരു മ്യൂസിയവും ഇപ്പോൾത്തന്നെ പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിനകത്തുള്ള മൃഗശാല, നേപ്പിയർ മ്യൂസിയം, നാച്വറൽ ഹിസ്റ്ററി മ്യൂസിയം, കെ.സി.എസ്. പണിക്കർ ഗ്യാലറി എന്നിവയ്ക്കോരോന്നിനും പ്രത്യേകം പ്രവേശന ടിക്കറ്റും നിരക്കുമാണുള്ളത്. ഇതെല്ലാംകൂടി ഒരുമിച്ച് സന്ദർശിക്കാൻ ആഗ്രഹിക്കുന്നയാളുകൾക്ക് ഒറ്റ പാസ്സ് നൽകുന്നതിനെക്കുറിച്ചും അതുവഴി

വരുമാനവർദ്ധനവുണ്ടാക്കുന്നതിനെക്കുറിച്ചും ആലോചിക്കുമോ ; ഇപ്പോൾ ഫീസിനത്തിൽ എത്ര ശതമാനം വരുമാനവർദ്ധനവുണ്ടെന്ന് വ്യക്തമാക്കാമോ?

കുമാരി പി. കെ. ജയലക്ഷ്മി: സർ, മ്യൂസിയം-മൃഗശാലയിലെ ഫീസിനത്തിൽ ഇപ്പോൾ 63%ത്തിന്റെ വരുമാന വർദ്ധനവുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പ്രത്യേകം ആലോചിക്കുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, സാംസ്കാരികമായ പൈതൃകവും രാഷ്ട്രീയ-സാമൂഹിക രംഗങ്ങളിൽ ഒരുപാട് അനുഭവസമ്പത്തും വീരേതിഹാസങ്ങളാൽ ധന്യമായ ഒരു നാടുമാണ് കേരളം. ഇത്തരം കാര്യങ്ങളിൽ ടൂറിസ്റ്റുകൾക്ക് മാത്രമല്ല പുതിയ തലമുറയ്ക്കും അവബോധം കൊടുക്കുന്നതിനാവശ്യമായ വിധത്തിലുള്ള ലൈറ്റ് ആന്റ് ഷോ സംഘടിപ്പിച്ചാൽ....., ഹൈദ്രാബാദിൽ അവിടത്തെ ചരിത്രം പറയുന്ന ലേസർ ഷോ നടത്തുന്നുണ്ട്, അങ്ങനെ വിവിധ സംസ്ഥാനങ്ങളിൽ പല രൂപത്തിലുള്ള കാര്യങ്ങൾ നടക്കുന്നുണ്ട്. ഇവിടെ മെഴുകുപയോഗിച്ചുകൊണ്ട് മനോഹരമായ മ്യൂസിയം ഒരുക്കാവുന്നതാണ്. നമ്മുടെ പാരമ്പര്യവും സാംസ്കാരിക തനിമയുമൊക്കെ പുതിയ തലമുറയ്ക്കായി പുനരാവിഷ്ക്കരിക്കുന്നതിനും ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുമുള്ള ഒരു സംവിധാനമൊരുക്കാൻ തയ്യാറാകുമോ; വയനാട് ജില്ലയിൽ വനത്തിൽ നിന്നും മൃഗങ്ങൾ വന്ന് ജനങ്ങളെ ആക്രമിക്കുന്ന ഒരു സാഹചര്യമുണ്ട്. മൃഗങ്ങളുടെ ഉപദ്രവമേൽക്കാതെ വേലികെട്ടി അവയെ നാച്വറലായി കാണുന്നതിനാവശ്യമായ രീതിയിലുള്ള കാഴ്ചബംഗ്ലാവുകൾ ആരംഭിക്കുന്നതിനും ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

കുമാരി പി. കെ. ജയലക്ഷ്മി: സർ, മൃഗങ്ങളെ നാച്വറലായി കാണാനുള്ള അവസരം വനം വകുപ്പുമായി ആലോചിച്ച് മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. തൃശ്ശൂരിൽ മ്യൂസിയം-മൃഗശാലയോട് ചേർന്ന് ഒരു മെഴുക് മ്യൂസിയം ആരംഭിക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് ജില്ലയിലെ മൂഴിയാർ വില്ലേജിലെ മഞ്ചക്കൽ എന്ന സ്ഥലത്ത് വനം വകുപ്പിന്റെ ഒരു റീട്ടെയിൽ ഷോപ്പുണ്ടായിരുന്നു. അതിപ്പോൾ പ്രവർത്തിക്കുന്നില്ല. ഒരു കാഴ്ചബംഗ്ലാവുണ്ടാക്കാൻ വളരെ അനുയോജ്യമായ, ചുറ്റുമതിലുകളോടുകൂടിയ ഏക്കർ കണക്കിന് സ്ഥലം അവിടെയുണ്ട്; അവിടെ ഒരു കാഴ്ചബംഗ്ലാവ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; നേപ്പിയർ മ്യൂസിയത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. അതിന്റെ മനോഹാരിത കാണുമ്പോൾ എനിക്കുതന്നെ അസൂയ തോന്നുകയാണ്. അങ്ങനെയുള്ള ഒരു കെട്ടിടം കേരളത്തിന്റെ വടക്കേയറ്റത്തുള്ള എന്റെ മണ്ഡലത്തിൽ പണിയാൻ ബഹുമാനപ്പെട്ട മന്ത്രി പച്ചക്കൊടി കാണിക്കുമോ?

കുമാരി പി. കെ. ജയലക്ഷ്മി: സർ, നേപ്പിയർ മ്യൂസിയം വളരെ മനോഹരമായ മ്യൂസിയമാണ്. മ്യൂസിയം വകുപ്പിന്റെ ഫണ്ടിനെക്കുറിച്ച് ഞാനിവിടെ സൂചിപ്പിച്ചു, 14.50 കോടി രൂപ മാത്രമേയുള്ളൂ. ഫണ്ടിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഇതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, കാഴ്ചബംഗ്ലാവുകളിൽ അമൂല്യങ്ങളായ ധാരാളം പെയിന്റിംഗുകളുണ്ട്. ഇവയൊക്കെ സുരക്ഷിതമായി കാലങ്ങളോളം നിലനിർത്താനും അതോടൊപ്പം കേരളത്തിന്റെ ചരിത്രസംഭവങ്ങൾ, സ്ഥലങ്ങൾ, സ്ഥാപനങ്ങൾ ഇവയെല്ലാം പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുവാൻ കഴിയുന്ന വിധത്തിൽ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ മ്യൂസിയത്തിൽ സ്ഥാപിക്കാനുമുള്ള നടപടികൾ ആവിഷ്ക്കരിക്കുമോ?

കുമാരി പി. കെ. ജയലക്ഷ്മി: സർ, തീർച്ചയായും. അമൂല്യങ്ങളും അപൂർവ്വങ്ങളുമായ ശേഖരങ്ങളുടെ എച്ച്.ഡി. ഫോട്ടോ ഡോക്യുമെന്റേഷൻ ഇതിനകം നടത്തിയിട്ടുണ്ട്. എന്നാൽ മൂല്യനിർണ്ണയം നടത്തിയിട്ടില്ല. രാജാരവി വർമ്മ, കെ.സി.എസ്. പണിക്കർ തുടങ്ങിയ ലോകപ്രശസ്ത ചിത്രകാരന്മാരുടെ അപൂർവ്വമായ പെയിന്റിംഗുകൾ തിരുവനന്തപുരത്ത് മ്യൂസിയം ഗ്യാലറിയിൽ വളരെ ഭംഗിയായി സൂക്ഷിച്ചിട്ടുണ്ട്. അവ കേടുവരാതെ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആധുനിക സാങ്കേതിക വിദ്യയുടെ സഹായം പ്രയോജനപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, അന്താരാഷ്ട്ര ടൂറിസം ഭൂപടത്തിൽ വലിയ സ്ഥാനമുള്ള ഒരു സ്ഥലമാണ് എന്റെ മണ്ഡലത്തിലെ ബേക്കൽ കോട്ട. നിത്യേന ആയിരക്കണക്കിനാളുകൾ അവിടെ വന്നുപോയിക്കൊണ്ടിരിക്കുകയാണ്. അവിടെ ഒരു കാഴ്ചബംഗ്ലാവ് സ്ഥാപിച്ചാൽ നല്ല കാര്യമായിരിക്കും. നേരത്തെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞ സ്ഥലം എന്റെ മണ്ഡലത്തിനടുത്താണ്. അവിടെ സ്ഥാപിച്ചാലും പ്രയോജനപ്പെടുന്നതാണ്. വനം മേഖലയിൽപ്പെട്ട, ആവശ്യത്തിനുള്ള സ്ഥലവും എല്ലാ സൗകര്യങ്ങളും അവിടെയുണ്ട്. അക്കാര്യം പരിഗണിക്കുമോ ?

കുമാരി പി. കെ. ജയലക്ഷ്മി: സർ, കാഴ്ചബംഗ്ലാവ് ആരംഭിക്കാൻ കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ പെർമിഷൻ കൊടുക്കുന്നില്ല. പെർമിഷൻ കൊടുക്കുമ്പോൾ അക്കാര്യം പരിഗണിക്കാം. വനം വകുപ്പിന്റെ സഹായത്തോടുകൂടി 300 ഏക്കർ സ്ഥലത്ത് തൃശ്ശൂരിൽ ആരംഭിക്കുന്ന മൃഗശാലയ്ക്ക് വളരെയധികം റിസ്ക് എടുത്തിട്ടാണ് അനുമതി ലഭിച്ചത്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശ്ശൂരിലുള്ള മൃഗശാല പുത്തൂരിലേക്ക് കൊണ്ടുപോകാനുള്ള ശ്രമത്തിലാണ്. നഗരഹൃദയത്തിലുള്ള മൃഗശാലയെ പല ഡിപ്പാർട്ട്മെന്റുകളും നോട്ടമിട്ടിരിക്കുകയാണ്. അത് മ്യൂസിയം വകുപ്പിന്റെതന്നെ അധികാരത്തിൽ നിലനിർത്തി അവിടത്തെ പച്ചപ്പ് കളയാതെ മെഴുക് മ്യൂസിയമോ പഞ്ചാബിലുള്ളതുപോലെയുള്ള റോക്ക് മ്യൂസിയമോ ആക്കി നവീകരിക്കാൻ ശ്രമിക്കുമോ ?

കുമാരി പി. കെ. ജയലക്ഷ്മി: സർ, ബഹുമാനപ്പെട്ട അംഗം ഇക്കാര്യം ഇതിനുമുമ്പും എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മൃഗശാല പുത്തൂരിലേക്ക് മാറ്റിയാലും മ്യൂസിയം അവിടെത്തന്നെ നിലനിർത്തും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശിവൻകുട്ടി: സർ, പുതുതായി രൂപീകരിച്ച മാസ്റ്റർ പ്ലാനിൽ തിരുവനന്തപുരം മ്യൂസിയവും മൃഗശാലയും ഇവിടെ നിന്നും മാറ്റാൻ പോകുന്നുവെന്നത് സംബന്ധിച്ച ഒരു രേഖയുണ്ട്. അങ്ങനെ മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ, എന്താണ് അതിന്റെ നിജസ്ഥിതി ?

കുമാരി പി. കെ. ജയലക്ഷ്മി: സർ, സ്ഥലത്തിന്റെ പരിമിതിയുണ്ടെങ്കിലും തിരുവനന്തപുരം മൃഗശാല ഒരു കാരണവശാലും അവിടെനിന്ന് മാറ്റില്ല.

ശ്രീ. മോൻസ് ജോസഫ്: സർ, ലോകത്ത് സിറ്റ്സർലൻഡിനേക്കാൾ മനോഹരമാണ് കേരളമെന്ന് പറയുമ്പോഴും വിവിധ വകുപ്പുകളുടെ കീഴിലാണ് ഓരോ കാര്യങ്ങളും നടക്കുന്നതെന്നതുകൊണ്ട് ഇതിന്റെ സാധ്യത പ്രയോജനപ്പെടുത്താൻ കേരളത്തിന് കഴിയുന്നില്ല. വിവിധ വകുപ്പുകളെ ഏകോപിച്ചുകൊണ്ട് കേരളത്തിന്റെ പ്രകൃതിരമണീയമായ സാധ്യതകൾ ഏറ്റവും നന്നായി പ്രയോജനപ്പെടുത്താൻ കഴിയുന്ന ഒരു പ്രോജക്ടിനെക്കുറിച്ച് ചിന്തിക്കുമോ ; അതിനെ ഏകോപിപ്പിക്കാൻ അങ്ങയുടെ വകുപ്പ് നേതൃത്വം കൊടുക്കുമോ?

കുമാരി പി. കെ. ജയലക്ഷ്മി: സർ, വളരെ പ്രസക്തമായ ഒരു ചോദ്യമാണ്. മറ്റ് വകുപ്പുകളുടെ കീഴിലും മ്യൂസിയങ്ങളുണ്ട്. ഇക്കാര്യം ബന്ധപ്പെട്ട വകുപ്പു മന്ത്രിമാരുമായി ആലോചിക്കുന്നതാണ്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, പുതിയ തലമുറയ്ക്ക് നമ്മുടെ പൈതൃകവും സംസ്കാരവുമൊക്കെ മനസ്സിലാക്കാൻ ഉതകുന്ന തരത്തിൽ മ്യൂസിയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ?

കുമാരി പി. കെ. ജയലക്ഷ്മി: സർ, ഇതിനകം ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. വിജ്ഞാനപ്രദമായ കാര്യങ്ങളും ഗവേഷണം നടത്തുന്നതിനുള്ള സംവിധാനങ്ങളുമൊക്കെ മ്യൂസിയം-മൃഗശാലയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. തീർച്ചയായും ഇക്കാര്യം ആലോചിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ലോട്ടറി പുതുക്കം

4 (*604) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീമതി കെ. കെ. ലതിക :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലോട്ടറിയെ പുതുക്കത്തിനായി ഉപയോഗപ്പെടുത്തുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;